## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1436

13.06.2014-ലെ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ നഗരസഭകളിലെ പദ്ധതിച്ചെലവും ഭവനപദ്ധതികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |

എ) 2013-14 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ ഓരോ നഗരസഭയിലെയും പദ്ധതി ചെലവ് ജനറൽ, എസ്.സി. / എസ്.ടി., ആകെ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ ;

എ)

തുക ലക്ഷത്തിൽ

| നഗരസഭ | പൊതു വിഭാഗം | എസ്.സി.പി | ടി.എസ്.പി. | ആകെ |
|---|---|---|---|---|
| പെരിന്തൽ മണ്ണ | 407.58 | 197.25 | 0 | 604.84 |
| പൊന്നാനി | 770.45 | 142.8 | 0 | 913.25 |
| മഞ്ചേരി | 893.31 | 235.87 | 0 | 1129.18 |
| തിരൂർ | 404.67 | 69.11 | 0 | 473.77 |
| മലപ്പുറം | 542.78 | 79.35 | 0 | 622.13 |
| കോട്ടയ്ക്കൽ | 411.48 | 48.74 | 0 | 460.21 |
| നിലമ്പൂർ | 421.86 | 86.18 | 18.51 | 526.55 |

ബി) കഴിഞ്ഞ സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ ഏതൊക്കെ നഗരസഭ കളിൽ ഭവനപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

ബി) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, പൊന്നാനി, മഞ്ചേരി, തിരൂർ, മലപ്പുറം, കോട്ടയ്ക്കൽ, നിലമ്പൂർ എന്നീ 7 നഗരസഭകളും ഭവന പദ്ധതികൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

സി) ഏതെല്ലാം സ്കീമിലുള്ള ഭവനപദ്ധതികളാണ് നഗരസഭകൾക്ക് ഏറ്റെടുക്കാനാകുന്നത് എന്ന് വിശദമാക്കുമോ ?

സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 12-ാം പദ്ധതി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ പ്രകാരം താഴെ പറയുന്ന സ്കീമിലുൾപ്പെടെയുള്ള ഭവനപദ്ധതികൾ രൂപകൽപ്പന നടത്തി നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

1. എം.എൻ. ലക്ഷം വീട് പദ്ധതിയിൽപ്പെട്ട ഇരട്ടവീടുകൾ ഒറ്റവീടാക്കൽ
2. ഭവന സമുച്ചയ നിർമ്മാണം

3. വീടിന് സ്ഥലം വാങ്ങൽ
4. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ
5. വീട് പുനരുദ്ധാരണം (ലക്ഷം വീട് ഉൾപ്പെടെ)
6. പണി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധനസഹായം

കൂടാതെ തുടർപദ്ധതികളായ EMS IHSDP എന്നീ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ BSUP, RAY എന്നിവയും നഗരസഭകൾക്ക് നടപ്പാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ